"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ പീച്ചി ഗവ. ട്രൈബൽ സ്കൂളിൽ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച കൃഷ്ണൻ എ.എം-ന്റെ മകൻ ശ്രീ. കിരൺ എ കൃഷ്ണന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.104/2026/GEDN തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:- 1. 24.05.1999-ലെ സ.ഉ(പി) നം.12/99/പി&എ.ആർ.ഡി

2. 30.09.2021-ലെ സ.ഉ.(കൈ) നം.212/2021/പൊ.വി.വ

3. 29.03.2025-ലെ സ.ഉ.(അ) നം.4/2025/പി&എആർഡി

4. 09.11.2025-ലെ സ.ഉ.(അ) നം.15/2025/പി&എആർഡി

5. 10.04.2026 ലെ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന്റെ എസ്ഡി3/35/2026/ജിഎഡി പാർട്ട്(1) നമ്പർ അനൗദ്യോഗിക കുറിപ്പ്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ പീച്ചി ഗവ. ട്രൈബൽ സ്കൂളിൽ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച കൃഷ്ണൻ എ.എം-ന്റെ മകൻ ശ്രീ. കിരൺ എ കൃഷ്ണന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് യൂണിഫോം തസ്തികയിലെ നിയമനത്തിനായി പ്രത്യേകം സംഘടിപ്പിച്ച ആശ്രിത നിയമന അദാലത്തിൽ ശ്രീ. കിരൺ എ കൃഷ്ണൻ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് കായികക്ഷമതാ യോഗ്യത നേടിയിട്ടുള്ളതിനാൽ ടി തസ്തികകളിലെ നിയമനത്തിന് പരിഗണിക്കുന്നതിലേയ്ക്കായി നിശ്ചിത പ്രൊഫോർമ പൊതുഭരണ വകുപ്പിന് നല്കേണ്ടതാണെന്നും പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കിരൺ എ കൃഷ്ണൻ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ തസ്തികകളിൽ ആശ്രിതനിയമനത്തിനായി യോഗ്യത നേടിയിട്ടുള്ളതിനാൽ, ടി തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിലേയ്ക്കായി, ടിയാന്

പൊതുവിദ്യാഭ്യാസ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തൃശ്ശൂർ

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ

ഹെഡ് മാസ്റ്റർ, ഗവ. ട്രൈബൽ സ്കൂൾ, പീച്ചി, തൃശ്ശൂർ

ശ്രീ. കിരൺ എ കൃഷ്ണൻ, അയിനിവളപ്പിൽ വീട്, കുറ്റുമുക്ക്, കൈലാസം, ആർ.വി.പുരം പി.ഒ, തൃശ്ശൂർ 680 631 (സ്പീഡ് പോസ്റ്റ് മുഖേന)

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sobha D

Date: 10-06-2026 14:36:05

സെക്ഷൻ ഓഫീസർ